(ഇ) ഇപ്പോൾ നൽകുന്ന തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1993-ൽ.

(ബി)

1. ശ്രീ. ശൂരനാട് കുഞ്ഞൻപിള്ള (1993)
2. ശ്രീ. തകഴി ശിവശങ്കരപ്പിള്ള (1994)
3. ശ്രീമതി ബാലാമണിയമ്മ (1995)
4. ഡോ. കെ. എം. ജോർജ് (1996)
5. ശ്രീ. പൊൻകുന്നം വർക്കി (1997)
6. ശ്രീ. എം. പി. അപ്പൻ (1998)
7. ശ്രീ. കെ. പി. നാരായണ പിഷാരടി (1999)
8. ശ്രീ. പാലാ നാരായണൻ നായർ (2000)
9. ശ്രീ. ഒ. വി. വിജയൻ (2001)
10. ശ്രീമതി കമലാ സുരയ്യ (2002)
11. ശ്രീ. ടി. പത്മനാഭൻ (2003)
12. ശ്രീ. സുകുമാർ അഴീക്കോട് (2004)

(സി) ഉണ്ട്.

(ഡി) ഒരു ലക്ഷം രൂപയും പ്രത്യേകം രൂപകൽപ്പന ചെയ്ത ശിൽപ്പവും പ്രശംസാപത്രവും.

(ഇ) ഇല്ല.

മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന്റെ വാർഷികഗ്രാന്റ്

74 [2459] *ശ്രീ. സി. മോയിൻകുട്ടി:*
„ *കെ. എൻ. എ. ഖാദർ:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *ഇസ്ഹാക് കുരിക്കൾ:*
„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് വാർഷികഗ്രാന്റായി വർഷത്തിൽ അൻപതിനായിരം രൂപ മാത്രമാണ് സാംസ്കാരിക വകുപ്പ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷികഗ്രാന്റ് പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ സ്മാരക കമ്മിറ്റി ചെയർമാനിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഗ്രാന്റ് ഉടനെ വർദ്ധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) മോയിൻകുട്ടി വൈദ്യർ സ്മാരകമുൾപ്പെടെ സർക്കാർ ധനസഹായം നൽകുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ ഗ്രാന്റ് പുനർനിർണ്ണയം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. പി. ടി. തോമസ് എം. എൽ. എ. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കടയ്ക്കൽ സമരത്തിന്റെ സ്മാരകമായ കെട്ടിടം മ്യൂസിയമാക്കുന്നത്

75 [2461] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് കടയ്ക്കലിൽ നടന്ന പ്രസിദ്ധമായ സമരത്തിന്റെ സ്മാരകമായ കെട്ടിടം ഒരു മ്യൂസിയമാക്കി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly